# THE BIBLE TRUTH

**Editor**
**P.K. VARGHESE**
**000**

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 27** **February 2014** **No11`**

# എഡിറ്റോറിയൽ

ആധുനിക യുഗത്തിൽ ജീവിക്കുന്നവർ ഭൂരിഭാഗം പേരും ലൗകിക നേട്ടങ്ങൾക്ക് വേണ്ടിയാണ് പരിശ്രമിക്കുന്നത് എന്നത് ഒരു പരമാർത്ഥ മാണ്. ചില മതനേതാക്കന്മാരും സമുദായത്തിന്റെ അദ്ധ്യക്ഷന്മാരും രാഷ്ടിയ നേതാക്കന്മാരും അധികാരത്തിൽ വരുമ്പോൾ, അവരെ സ്വാധീ നിച്ചും ഭീഷണിപ്പെടുത്തിയും തങ്ങളുടെ കീഴിലുള്ളവർക്ക് കൂടുതൽ ആനുകൂല്യങ്ങൾക്കായി മുറവിളി കൂട്ടി നേടിയെടുക്കും. തങ്ങൾക്ക് വീണ്ടും വോട്ട് കിട്ടി അധികാരത്തിലേറുവാനുള്ള തന്ത്രമായി അവർ ആ ശ്രമത്തെ കാണുന്നു. ഇത് സാധാരണക്കാരുടെ നീതിയും ന്യായവും കവർന്നെടുക്കലാണ് എന്ന കാര്യം ആ ഇരുപക്ഷവും ഓർക്കുന്നത് നന്നാ യിരിക്കും. ഭരിക്കുവാനും അല്ലെങ്കിൽ ആളുകളെ നയിക്കുവാനും ഉള്ള അവസരം അവർക്ക് നൽകുന്നത് ദൈവമാണ് എന്നതാണ് പലപ്പോഴും അധികാരസ്ഥാനത്തുള്ളവർ തിരിച്ചറിയാത്തത്. കാരണം ദൈവത്താല ല്ലാതെ ഒരു അധികാരവും മനുഷ്യർക്ക് ലഭിക്കുന്നില്ല. ദൈവപുത്രനും മനുഷ്യപുത്രനും ആയി ഒരു പാപവും ചെയ്യാതെ ജീവിച്ച യേശുവിനെ യെഹൂദന്മാർ കൊല്ലുവാനായി പിലാത്തൊസ് എന്ന നാടുവാഴിയുടെ അടു ക്കൽ കൊണ്ടു ചെന്നപ്പോൾ, യേശു ആ സത്യം അവനോട് പറഞ്ഞു. അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നതാണ് ദൈവിക സത്യം. എല്ലാവരോടും കരുണ കാണിക്കയും ന്യായം പാലി ക്കയും വേണം. ഇതാണ് ദൈവഹിതം. സ്വാർത്ഥതയും തന്നിഷ്ടവും വെച്ചുപുലർത്തുന്ന ആളുകൾ എക്കാലവും ഉണ്ട്. അവർ മനസിലാ ക്കേണ്ട സത്യം എന്തെന്നാൽ, മനുഷ്യരാരും ഇവിടെ എന്നേക്കും ഇരി ക്കുകയില്ല. എല്ലാവരും ഇവിടെ നിന്നു പോകും എന്ന യാഥാർത്ഥ്യം ഓർക്കണം.

അനീതികൊണ്ട് സത്യത്തെ തടുക്കുന്നവരാണ് അധികം പേരും. എന്നാൽ അതിന്റെ അനന്തരഫലമോ ദൈവകോപം ആയിരിക്കും. അതായത് പാപം ചെയ്യുന്നവർക്ക് ശിക്ഷ ലഭിക്കും എന്ന കാര്യത്തിൽ സംശയമില്ല. മനുഷ്യർ അത് തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ ആർക്കും സാധ്യമല്ല. കാരണം അത് ദൈവത്തിന്റെ നീതിയും നിയമവുമാണ്. നാം ദൈവത്തിനെതിരായി പ്രതികരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദൈവം പ്രവർത്തിച്ച് തന്റെ നീതി നടപ്പാക്കും. ലോകത്തിൽ സംഭവിക്കുന്നതെല്ലാം പരിശോധിച്ചാൽ അത് സത്യമാണെന്ന് നിങ്ങൾക്ക് ബോധ്യമാകും. തിരുവെഴുത്തിൽ ദൈവം അരുളിച്ചെയ്തിരിക്കുന്ന സത്യം സത്യമായി തന്നെ നിലനിൽക്കുന്നു. ദൈവം സത്യവാനാണെന്ന് സാക്ഷ്യപ്പെടുത്തുന്നതാണ് തിരുവചനം. അദൃശ്യനായ ദൈവം പ്രകൃതിയിൽ കൂടെയും മനുഷ്യരിൽകൂടെയും ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ആരും നശിച്ചുപോകണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നാണ് ദൈവം ഇഛിക്കുന്നത്. ക്രിസ്തു ഈ ലോകത്തിൽ വന്നതും പ്രവർത്തിച്ചതും മനുഷ്യരെ ദൈവം സ്നേഹിച്ചതുകൊണ്ടും അവരെ തന്റെ അടുക്കലേക്ക് ചേർത്തുകൊള്ളുവാനുമാണ്. പഴയനിയമകാലത്ത് ജീവിച്ചിരുന്നവരേയും പുതിയനിയമ കാലത്ത് ജീവിച്ചിരുന്നവരേയും ഒരേ മാനദണ്ഡത്തിൽ ദൈവത്തോട് നിരപ്പിക്കുവാൻ ദൈവത്തിനു പ്രസാദം തോന്നി. അത് ക്രിസ്തുവിലാണ്. ദൈവത്തെയും അവൻ അയച്ച പുത്രനായ ക്രിസ്തുവിനെയും അറിയുന്നതാണ് നിത്യജീവൻ. ദൈവത്തിന്റെ കൽപനകളാണ് നിത്യജീവൻ. നിങ്ങൾക്കും എനിക്കും, ഈ ലോകത്തിലെ സർവ്വ ജനങ്ങൾക്കും നീതി ലഭിക്കുവാനുള്ള ഏക മാർഗം ദൈവ നിയമങ്ങൾ പ്രമാണിക്കുക എന്നതാണ്. ഇന്ന് ലോകത്തുള്ള എല്ലാ അനീതിക്കും അക്രമങ്ങൾക്കുമുള്ള ഏക പരിഹാരം തിരുവെഴുത്തിലെ ദൈവത്തിന്റെ അരുളപ്പാടുകളെ അനുസരിക്കുക എന്നതാണ്.

നിങ്ങൾ ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന ക്രിസ്തുവിൽ വിശ്വസിക്കുകയും, നിങ്ങളുടെ പാപങ്ങളിൽനിന്നു മാനസാന്തരപ്പെടുകയും യേശു ദൈവപുത്രനാണെന്ന് വായ്കൊണ്ട് ഏറ്റു പറയുകയും വചന പ്രകാരം പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്താൽ കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. പിന്നെ നിങ്ങൾ അവന്റെ സഭയിൽ വിശ്വസ്തമായി ജീവിക്കുകയും ചെയ്യുക.

# ദുർവ്വർത്തമാനം

## *J.C.* ചോട്ട്

സത്യസന്ധമായ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രയോജനപ്പെടുന്ന ഒന്നാണ് ദൈവ വചനം. നിഷ്പ്പക്ഷമായി തിരുവെഴുത്തുകൾ പരിശോധിക്കുകയും പഠിക്കുകയും ചെയ്താൽ വളരെ ഉപകാരപ്രദമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിനായി ദൈവം നൽകിയിരിക്കുന്നത് കാണാം. ശരിയും തെറ്റും വിവേചിച്ചു മനസിലാക്കുവാൻ കഴിയുന്ന വിധത്തിലാണ് ദൈവം വേദപുസ്തകത്തെ നൽകിയിരിക്കുന്നത്. നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നതിന്റെ ഫലമായിട്ടാണ് നന്മയും തിന്മയും ലോകത്തിലേക്ക് വന്നത്. പക്ഷെ മനുഷ്യർക്ക് തിന്മയെ ത്യജിച്ച് നന്മ മാത്രം ചെയ്യുവാൻ കഴിയുന്നില്ല എന്നതാണ് ഖേദകരമായ വസ്തുത. നമ്മുടെ ജീവിതത്തിൽ ആശയവിനിമയം അത്യന്താപേക്ഷിതമാണ്. പക്ഷെ സംസാരം പലപ്പോഴും നമ്മുടെ നിയന്ത്രണത്തിൽ പെടുന്നില്ല എന്നു അനുഭവത്തിൽനിന്നു നമുക്ക് അറിയാം. മോശമായ സംസാരം ചിലപ്പോൾ നമ്മുടെ അന്തസ് കെടുത്തിക്കളയും. ദുർവ്വർത്തമാനം ആർക്കും ഗുണം ചെയ്യുന്നതല്ല എങ്കിലും ചിലർ അത് പ്രചരിപ്പിക്കുന്നുണ്ട്..

ഒരാൾ ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്തശേഷം എങ്ങനെ സംസാരിക്കുകയും പെരുമാറുകയും വേണമെന്ന് ദൈവം അരുളിച്ചെയ്തിട്ടുണ്ട്. നിങ്ങൾ അത്ര മോശക്കാരനല്ലെന്നായിരിക്കാം ഇപ്പോൾ നിങ്ങൾ വിചാരിക്കുന്നത്. എന്നാൽ നമ്മളെല്ലാവരും മോശക്കാരാണ് എന്ന കാര്യം സമ്മതിച്ചേ മതിയാവു. എല്ലാവരും പാപം ചെയ്യുന്നവരാണ്. ഒരാൾ വാക്കിൽ തെറ്റാതിരുന്നാൽ അതു വളരെ നല്ല കാര്യമാണ്. പക്ഷെ നമുക്ക് എല്ലാവർക്കും വികാരവും പ്രതികരണശേഷിയുമുള്ളതിനാൽ നമ്മൾ ആദ്യം പ്രതികരിക്കുന്നത് വാക്കുകളാലാണ്. ക്രിസ്തുവിനെ കൂടാതെ ജീവിക്കുന്നവർക്ക് ഒരു നിയന്ത്രണവുമില്ല. എന്നാൽ ക്രിസ്തുവിന്റെ അനുയായികൾ രഹസ്യമായും പരസ്യമായും പറയുന്ന വാക്കുകൾ ശ്രദ്ധിക്കണം. പാപക്ഷമാപണം ലഭിച്ചവർ വീണ്ടും ദുർവ്വർത്തമാനം പരത്തരുത്.

ദൈവം ആദ്യം പത്തു കൽപനകൾ നൽകിയപ്പോൾ "നിന്റെ

ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്. തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല" എന്ന് കൽപിച്ചിരുന്നു (പുറപ്പാട് 20:7). ഇന്ന് മനുഷ്യനെ ഭരിക്കുന്നത് ന്യായ പ്രമാണം അല്ലെങ്കിലും, പുതിയനിയമത്തിലും കർത്താവ് അരുളി ച്ചെയ്തിരിക്കുന്നത്, ദൈവനാമം വിശുദ്ധമാണ്, ആ നാമത്തെ ഒരി ക്കലും ദുരുപയോഗം ചെയ്യരുത് എന്നാണ്. ഉദാഹരണത്തിന് ചിലർ ദൈവനാമം എടുത്ത് ആളുകളെ ശപിക്കാറുണ്ട്. ദൈവത്തിന്റെ നാമം വിശുദ്ധമാകയാൽ നാം അതിനെ വിശുദ്ധമായിട്ടുമാത്രമെ ഉപയോ ഗിക്കാവു (മത്തായി. 6:9; വെളിപ്പാട്. 4:8). നിങ്ങളെ ഉപദ്രവിക്കുന്ന വരെ ശപിക്കാതെ അനുഗ്രഹിപ്പിൻ എന്നാണ് പൗലൊസിൽകൂടെ ദൈവം കൽപിച്ചിരിക്കുന്നത്. നാം ആരെയും ശപിക്കരുത് എന്നു പറയുമ്പോൾ, ദൈവനാമത്തിൽ ഒട്ടുമരുത് എന്നത് നമ്മെ പ്രത്യേ കിച്ച് ഓർപ്പിക്കേണ്ട കാര്യമില്ല.

ഒന്നാമത് പ്രതികാരം നമുക്കുള്ളതല്ല. അത് ദൈവത്തിനുള്ള താണ്. വാക്കുകൾകൊണ്ട് മറ്റുള്ളവരെ മുറിവേൽപിച്ച് പ്രതികാരം വീട്ടുന്നവരുടെ പ്രവൃത്തി പ്രത്യക്ഷത്തിൽ കാണുകയില്ല. അവരുടെ ഉള്ളിൽ അത് ഒരു പകരം വീട്ടൽ തന്നെയാണ്. ആരെങ്കിലും നമ്മെ കുറിച്ച് എന്തെങ്കിലും മോശമായതു പറഞ്ഞു എന്നു കേട്ടാൽ നാം ഉടനെ ചെന്നു ചോദിക്കുകയോ പ്രതികരിക്കുകയോ ചെയ്യും. എന്നാലേ നമ്മുടെ മനസിനു തൃപ്തി വരു എന്നതാണ് കാര്യം. എല്ലാ വരും അങ്ങനെയല്ല. ചിലർ അത് മനസിൽ ഒതുക്കി വെക്കും. ഓരോ രുത്തരും പ്രതികരിക്കുന്നത് ഓരോ വിധത്തിലാണ്. സംസാര ശൈലിയും വ്യത്യസ്തമായിരിക്കും. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക, "ആർക്കും തിന്മക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടേയും മുമ്പിൽ യോഗ്യമായത് മുൻകരുതി, കഴി യുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാ നമായിരിപ്പിൻ. പ്രിയമുള്ളവരേ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" (റോ മർ. 12:17-19). അതായത് വാക്കുകളാൽ നാം ആരെയും മുറിവേൽപി ക്കരുത്.

ആളുകൾ സത്യം ചെയ്യുന്നതിൽ കൂടെ ദൈവനാമം തെറ്റായി

ഉപയോഗിച്ചു വരുന്നുണ്ട്. പഴയനിയമ കാലത്ത് ആണയിടുന്ന സമ്പ്രദായമുണ്ടായിരുന്നു. ആളുകൾക്ക് തമ്മിൽ തമ്മിൽ വിശ്വാസം ഇല്ലാതെ ഭോഷ്ക്കിൽ ജീവിച്ചിരുന്നതുകൊണ്ടാണ് ആണയുടെ ആവശ്യം വരുന്നത്. യേശുക്രിസ്തു മുന്നറിയിച്ചിരിക്കുന്നത് നമുക്ക് വായിക്കാം, "കള്ളസത്യം ചെയ്യരുത് എന്നും സത്യം ചെയ്താൽ കർത്താവിന്നു നിവർത്തിക്കേണം എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് അശേഷം സത്യം ചെയ്യരുത്; സ്വർഗത്തെക്കൊണ്ട് അരുത്, അത് ദൈവത്തിന്റെ സിംഹാസനം, ഭൂമിയെക്കൊണ്ട് അരുതി, അത് ദൈവത്തിന്റെ പാദപീഠം; യെരുശലേമിനെക്കൊണ്ട് അരുത്, അത് മഹാരാജാവിന്റെ നഗരം. നിന്റെ തലയെക്കൊണ്ട് അരുത്, ഒരു രോമവും കറുപ്പിപ്പാനോ, വെളുപ്പിപ്പാനോ നിനക്ക് കഴിയുകയില്ലല്ലോ; നിങ്ങളുടെ വാക്ക് ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായത് ദുഷ്ടനിൽനിന്നു വരുന്നു" (മത്തായി 5:33 -37).

യാക്കൊബ് പറയുന്നത്, വിശേഷാൽ സഹോദരന്മാരേ, സ്വർഗത്തെയോ ഭൂമിയെയോ മറ്റു യാതൊന്നിനെയോ ചൊല്ലി സത്യം ചെയ്യരുത്; ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ നിങ്ങൾ ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്നും ഇല്ല എന്നു പറഞ്ഞാൽ ഇല്ല എന്നും ഇരിക്കട്ടെ (യാക്കൊബ്. 5:12). നാം പറയുന്നത് സത്യമാണെന്നു തെളിയിക്കുവാൻ ദൈവനാമത്തെയോ, ബൈബിളിനെയോ, മറ്റു യാതൊന്നിനെയോ എടുക്കരുത്. ഇത് ദൈവേഷ്ടമാണ്. ആളുകൾ ദൈവഹിതത്തെ മാനിച്ച് ജീവിക്കണം.

മറ്റൊരു രീതിയിലുള്ള മോശമായ സംസാരമാണ്, കളിവാക്ക്, തമാശ, പൊട്ടച്ചൊല്ല് എന്നിവ. ഇവ സംസാരിക്കുന്നവർ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാനോ, ആളുകളെ രസിപ്പിക്കുവാനോ ആണ് ശ്രമിക്കുന്നത്. പക്ഷെ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അതല്ല ദൈവം ആഗ്രഹിക്കുന്നത്. ലൗകിക മനുഷ്യർ ഇത്തരം കാര്യങ്ങളിൽ താൽപര്യമുള്ളവരാണ് എന്നു നമുക്ക് അറിയാം. പക്ഷെ അതിനു ദൈവം നമ്മെ അധികാരപ്പെടുത്തിയിട്ടുണ്ടോ എന്നു നാം ചിന്തിക്കണം. വചനം വിലക്കിയിരിക്കുന്ന സംസാരമോ, സ്വഭാവമോ നമ്മിൽ ഉണ്ടാകാതെ സൂക്ഷിക്കണം.

“ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്; വാക്കിലും, നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും, നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്ക” (1 തിമൊഥെയൊസ് 4:12). ആകയാൽ യേശുക്രിസ്തുവിനെ അനുഗമിക്കുന്ന നാം ഓരോരുത്തരും അവന്റെ മാതൃകയാണ് പിൻപറ്റേണ്ടത്. അവന്റെ സംഭാഷണങ്ങളും അപ്പൊസ്തലന്മാർ അവരുടെ ജീവിതത്തിൽ നമുക്ക് കാണിച്ചു തന്നിരിക്കുന്ന മാതൃകയും ആണ് നാം സ്വീകരിക്കേണ്ടത്. നാം ഒരിക്കലും ലോകത്തിന്റെ ഒഴുക്കിൽ പെട്ട് ജീവിക്കരുത്. ക്രിസ്ത്യാനികൾ ദൈവത്തെ ആണ് അനുകരിക്കുവാൻ പറഞ്ഞിരിക്കുന്നത്. വീണ്ടും നാം വായിക്കുന്നു, “ഓരോരുത്തന്നു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നറിയേണ്ടതിന്നു നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതും ആയിരിക്കട്ടെ” (കൊലൊസ്സ്യർ 4:6). പിന്നീട് പൗലൊസ് പ്രബോധിപ്പിച്ചിരിക്കുന്നത്, “വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറയുവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന്നു സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്ക. ഉപദേശത്തിൽ നിർമ്മലതയും ആക്ഷേപിച്ചുകൂടാത്ത പത്ഥ്യവചനവും ഉള്ളവൻ ആയിരിക്ക” (തിത്തൊസ്. 2:7, 8). ക്രിസ്തുവിലായി തീർന്നവർ നല്ല വാക്കുകൾ മാത്രം സംസാരിച്ചാൽ അത് അവർക്കും മറ്റുള്ളവർക്കും പ്രയോജനമായിരിക്കും. രുചികരമായ ഭക്ഷണം ഉണ്ടാക്കിയവർക്കും അത് ഭക്ഷിക്കുന്നവർക്കും ഒരുപോലെ തൃപ്തി പകരുന്നതുപോലെയാണ് നമ്മുടെ നല്ല വാക്കുകൾ.

മറ്റൊരു മോശമായ സംഭാഷണമാണ് പരദൂഷണം. അതായത് മറ്റുള്ളവരെ കുറിച്ച് ദുഷിച്ച് സംസാരിക്കുക. തന്നേക്കാൾ മറ്റുള്ളവരെ തരംതാഴ്ത്തി സംസാരിക്കുവാൻ ശ്രമിക്കുന്നവർ തന്നെത്താൻ ഉയർത്തുന്നവരും മറ്റുള്ളവരെ താഴ്ത്തുന്നവരുമാണ്. നമ്മുടെ നാവ് നാം എങ്ങനെ ഉപയോഗിക്കുന്നു എന്നത് വളരെ ശ്രദ്ധിക്കണം. കാരണം അരുതാത്തത് നമ്മുടെ അധരത്തിൽനിന്നു പുറപ്പെടരുത് എന്ന് ദൈവം ആഗ്രഹിക്കുന്നു. നാവ് വളരെ ചെറിയ അവയവമാണെങ്കിലും അതിനെ നിയന്ത്രിക്കുവാൻ നമുക്ക് പലപ്പോഴും കഴിയാതെ വരും. ദൈവത്തെ സ്തുതിക്കുന്ന നാവ് കൊണ്ട് മനുഷ്യർ മനുഷ്യരെ ശപിക്കുന്നു. “പ്രിയ സഹോദരന്മാരെ, നിങ്ങൾ അത്

അറിയുന്നുവല്ലോ. എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗ തയും പറവാൻ താമസവും, കോപത്തിന്നു താമസവും ഉള്ളവൻ ആയിരിക്കട്ടെ" (യാക്കൊബ് 1:19). തികച്ചും പ്രായോഗികമായ നിർദ്ദേ ശമാണ് ഇവിടെ ദൈവശ്വാസിയമായി നൽകിയിരിക്കുന്നത്. നമ്മുടെ ജീവിതത്തിൽ അതു പാലിച്ചാൽ വളരെ ഫലപ്രദമായിരിക്കും.

"ആരെക്കൊണ്ടും ദൂഷണം പറയാതെയും, കലഹിക്കാതെയും ശാന്തന്മാരായി സകല മനുഷ്യരോട് പൂർണ്ണ സൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക" എന്നാണ് പൗലൊസ് തീത്തൊസിനെ ഉത്തേജിപ്പിക്കുന്നത് (തിത്തൊസ് 3:2). "നിങ്ങൾ അന്യോന്യം ഭോഷ്ക്ക് പറയരുത്; നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തി കളോടുകൂടെ ഉരിഞ്ഞുകളക. തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ" (കൊലൊസ്സ്യർ 3:9, 10). കർത്താവ് മുന്നറി യിച്ചിരിക്കുന്നത് ശ്രദ്ധിക്കുക, "സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ട രായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലത് പുറപ്പെടുവി ക്കുന്നു; ദുഷ്ട മനുഷ്യൻ തന്റെ ദുർന്നിക്ഷേപത്തിൽനിന്ന് തീയത് പുറപ്പെടുവിക്കുന്നു. എന്നാൽ മുഷ്യൻ പറയുന്ന ഏതു നിസാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോട് പറയുന്നു. നല്ല ഒരു വൃക്ഷത്തിനു മാത്രമെ നല്ല ഫലം പുറപ്പെടുവിക്കുവാൻ കഴിയു. അതുപോലെ ഹൃദയത്തിൽ നന്മ സൂക്ഷിച്ചുവെക്കുന്നവരുടെ വായിൽനിന്ന് നല്ല വാക്കുകൾ പുറപ്പെടും. മറ്റുള്ളവർ നന്നാകണം എന്നാണ് നാം വിചാ രിക്കേണ്ടത്.

മോശമായി സംസാരിക്കുന്ന വ്യക്തികൾക്ക് തിരിച്ച് കിട്ടുന്നതും അതു തന്നെയായാരിക്കും. അവനവൻ വിതെക്കുന്നത് തന്നെയാണ് കൊയ്യുന്നത്. ഒരു ദൈവപൈതൽ, സ്ത്രീയായാലും പുരുഷനാ യാലും പുതിയസൃഷ്ടിയാണ്. നാം ലോകത്തിന് പ്രകാശം കൊടു ക്കണം. ഇരുട്ടിന്റെ പ്രവൃത്തികളിൽ പെടുന്നതാണ് മോശമായ സംസാരം. ജഡത്തിന്റെ പ്രവൃത്തികൾ നാം വിട്ടുകളയണം.

✱

# നമ്മുടെ സഹായം ഉയരത്തിൽനിന്നു വരുന്നു

## ജോണി രാംസേ

മനുഷ്യരെല്ലാവരും നിസഹായരായതുകൊണ്ട് എല്ലാവർക്കും സഹായം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ആവശ്യമാണ്. തീർച്ചയായും സർവ്വമനുഷ്യരിലേക്കും എത്തുന്ന സഹായങ്ങളെല്ലാം സ്വർഗത്തിൽനിന്നാണ്. സകലത്തിന്റേയും ഉറവിടം ദൈവമാണ്. അതുകൊണ്ടാണല്ലോ എല്ലാവരും പ്രാർത്ഥിക്കുന്നത്. ആരെങ്കിലും നഷ്ടപ്പെടുന്നത് ദൈവത്തിന്റെ കുറ്റമല്ല. കാരണം എല്ലാവരേയും രക്ഷിപ്പാനുള്ള ഒരു നിത്യപദ്ധതി ദൈവം ഒരുക്കിയിരിക്കുകയാണ്. അത് സ്വീകരിക്കേണ്ടതു ഓരോരുത്തരും വ്യക്തിപരമായിട്ടാണ്. "അത് നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. അവൻ സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു" 1 തിമൊഥെയൊസ് 2:3, 4). സാത്താനാണ് നാശം ആഗ്രഹിക്കുന്നത്:"നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു" (1 പത്രൊസ് 5:8).

ആരും നഷ്ടപ്പെട്ടുപോകണമെന്ന് ദൈവം ഇച്ഛിക്കുന്നില്ല. അതിനാലാണ് അവൻ ലോകസ്ഥാപനത്തിനു മുൻപ് തന്നെ മനുഷ്യരെ പാപത്തിൽനിന്നു മോചിപ്പിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കിയത്. അത് ക്രിസ്തു മുഖാന്തരമാണ്. പാപത്തിനു ജഡത്തിൽ ശിക്ഷ കൊടുക്കേണ്ടത് ദൈവ നിയമമാണ്. അങ്ങനെ ദൈവത്തിന്റെ ഏകജാതനായ പുത്രനെ ദൈവം മനുഷ്യർക്ക് വേണ്ടി മരിപ്പാൻ അനുവദിച്ചു (യോഹന്നാൻ 3:16). അവൻ മരണത്തെ മരണം കൊണ്ട് നീക്കി മനുഷ്യരെ ജീവിപ്പിക്കുവാനുള്ള ദൈവപദ്ധതി നടപ്പാക്കി. ദൈവത്തിന്റെ ആ മഹത്തായ സ്നേഹത്തെ ആരും അവഗണിക്കരുത്. ഈ കാലത്തിലും വരുവാനുള്ള സ്വർഗത്തിലും ധാരാളം അനുഗ്രഹങ്ങൾ ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിരിക്കുന്നു.

## ഭവനത്തിന്റെ അനുഗ്രഹങ്ങൾ.

ബൈബിളിലെ ആരംഭ താളുകളിൽ നാം വിവാഹത്തിന്റേയും കുടുംബബന്ധത്തിന്റേയും അനുഗ്രഹങ്ങൾ നമുക്ക് കാണുവാൻ കഴിയും. ഭൗമിക വാസത്തിൽ കുടംബജീവിതത്തിലേർപ്പെടുന്നവർക്ക് ഒരുവശത്ത് ആശ്വാസവും മറുവശത്ത് വെല്ലുവിളികളും നേരിടേണ്ടിയിരിക്കുന്നു. സങ്കീർത്തനക്കാരൻ പറയുന്നത് "ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും; എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു; എളിയവർ അത് കേട്ട് സന്തോഷിക്കും. എന്നോട് ചേർന്നു യഹോവയെ മഹിമപ്പെടുത്തുവിൻ" (സങ്കീർത്തനങ്ങൾ 34:1-3).

ദൈവം നിയമിച്ച കുടുംബത്തിൽനിന്ന് അവൻ പ്രതീക്ഷിക്കുന്നത് ദൈവത്തെ മഹത്വപ്പെടുത്തണം എന്നാണ്. ദൈവസ്നേഹത്തെ അന്യോന്യം പങ്കിട്ട് സ്വർഗിയ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ജീവിക്കണം. ലോകത്തിൽ അവർക്ക് നേരിടുവാനുള്ളത് കഷ്ടതയും വേദനയുമായിരിക്കും. ദൈവത്തോട് അടുത്തു ജീവിക്കുവാൻ തുടങ്ങുമ്പോഴാണ് നമുക്ക് പരീക്ഷണങ്ങളുണ്ടാകുന്നത്. ഏതൊരു ഗ്രാമമായാലും, സമൂഹമായാലും കുടുംബങ്ങൾ ശിഥിലമായാൽ അത് സമൂഹത്തെ നിഷേധരൂപത്തിൽ ബാധിക്കും. റോമാ സാമ്രാജ്യത്തിനു പതനം സംഭവിക്കുവാനുള്ള ഒരു കാരണം, കുടുംബബന്ധങ്ങളിൽ ദൈവനിയമങ്ങളെ മാനിക്കാതിരുന്നു എന്നതാണ്. ചരിത്രം നോക്കിയാൽ എത്ര ശക്തമായിരുന്ന രാജ്യമാണെങ്കിലും അത് കുടുംബബന്ധങ്ങൽ തകർന്നതിനാൽ നശിച്ചുപോയതായി കാണാം. നമുക്ക് ചുറ്റുപാടും നോക്കിയാൽ ഭവനം, അമ്മ എന്നീ വാക്കുകൾ മുൻപന്തിയിൽനിൽക്കുന്നു.

കുടുംബജീവിതത്തിന്റെ ഭദ്രത നാം തിരിച്ചറിഞ്ഞില്ലെങ്കിൽ ദോഷം നമുക്ക് തന്നെയാണ്. ലോകത്തിൽ നമുക്ക് കാണുവാൻ കഴിയാത്ത കാര്യങ്ങളാണ്, സ്നേഹം, സന്തോഷം, സമാധാനം എന്നിവ. കുടുംബത്തിലെ പ്രശ്നങ്ങൾ എത്രയും വേഗത്തിൽ നാം കണ്ടെത്തി അതിനു പരിഹാരം വരുത്തിയില്ലെങ്കിൽ നമുക്ക് തന്നെയാണ് അതിന്റെ ദോഷം. നിങ്ങളുടെ കുടുംബത്തിൽ എന്തെങ്കിലും ഉരസൽ സംഭവിച്ചിട്ടുണ്ടോ എന്നു സ്വയം ചോദിക്കുക. ലോകത്തിൽ നാം ഒരിക്കലും ആശ്രയിക്കരുത്

## ബൈബിളിലെ അനുഗ്രഹങ്ങൾ

തിരുവെഴുത്തുകളിലെ അനുഗ്രഹങ്ങൾ നിരവധിയാണ്. തിരുവെഴുത്തുകളെ സ്വർഗം ഇന്നും സംരക്ഷിച്ചിരിക്കുന്നതു തന്നെ വലിയ അനുഗ്രഹമാണ്. മത സംഘടനകളും അധികാരസ്ഥാനങ്ങളിൽ കയറിയവരും തിരുവെഴുത്തുകളെ നശിപ്പിക്കുവാൻ ശ്രമിച്ചിരുന്നു എന്നതു വാസ്തവമാണ്. പക്ഷെ നമ്മുടെ സർവ്വശക്തനായ കർത്താവ് ശത്രുക്കളുടെ കയ്യിൽനിന്നെല്ലാം ദൈവവചനത്തെ സൂക്ഷിച്ചു നിലനിർത്തിയിരിക്കുന്നു. യഹോവയായ ദൈവം തന്റെ വചനത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത്, "എന്റെ വായിൽനിന്നു വരുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്ക് മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശയ്യാവ് 55:11).

"ദൈവത്തിന്റെ വചനത്തിനു നീക്കം വന്നുകൂടാ എന്ന് തിരുവെഴുത്തു തന്നെ സാക്ഷ്യപ്പെടുത്തുന്നു" (യോഹന്നാൻ 10:35). ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും. കാരണം വചനം എന്നേക്കുമുള്ളതാണ്. കർത്താവ് നമ്മെ മുന്നറിയിച്ചിരിക്കുന്നത്, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്നാൽ എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്തായി 24:35). ദൈവം പണ്ട് ഭാഗം ഭാഗമായി പിതാക്കന്മാർ മുഖാന്തരവും പ്രവാചകന്മാർ മുഖാന്തരവും നമ്മോട് സംസാരിച്ചിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരമത്രെ സംസാരിക്കുന്നത്. ഇത് അന്ത്യകാലമാണ്. ദൈവപുത്രനായി വന്ന യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെല്ലാം പിതാവിന്റെ ഉപദേശങ്ങളാണ്. ആ ഉപദേശം അനുസരിക്കാത്തവർക്ക് പിതാവുമില്ല, പുത്രനുമില്ല. തന്നെയുമല്ല, ഇതേ വചനമാണ് നമ്മെ അതായത് സകല മനുഷ്യരേയും ന്യായം വിധിക്കുന്നത്. ന്യായം വിധിക്കുവാനുള്ള അധികാരം ക്രിസ്തുവിനാണ് ദൈവം നൽകിയിരിക്കുന്നത്. അവനു രക്ഷിപ്പാനും ശിക്ഷിപ്പാനുമുള്ള അധികാരമുണ്ട് (യോഹന്നാൻ 12:48). നീതിയുള്ളതും ഒരിക്കലും മാറാത്തതുമായ നിലവാരത്തിൽ സ്വർഗവും ഭൂമിയും യോജിക്കുവാനായി ദൈവം ഒരുക്കിയതായ വചനം അനുസരിക്കുവാൻ ആരും മടിക്കരുത്. കാരണം ഈ വചനമാണ് നമ്മെ ജീവിപ്പിക്കുന്നത്.

## ക്രിസ്തുവിന്റെ മാതൃക.

നമ്മുടെ ദൈനന്തിന ജീവിതം എങ്ങനെയായിരിക്കണം എന്നു പരിശോധിക്കുവാനുള്ള ഏക മാതൃക ക്രിസ്തുവാണ്. അവന്റെ ജീവിതം തികഞ്ഞ പുരുഷത്വമുള്ള ജീവിതമായിരുന്നു. അവന്റെ ജീവിതത്തിന് ഒരർത്ഥവും ഉദ്ദേശവും ഉണ്ടായിരുന്നു. ഭൂമിയിൽ ജീവിച്ച് അധപതന പാതയിലായിരുന്ന മനുഷ്യവർഗത്തെ തേജസിന്റെ പാതയിലേക്ക് നയിക്കുവാൻ യേശു നമുക്ക് ഒരു തികഞ്ഞ മാതൃക കാണിച്ചു തന്നിരിക്കുകയാണ്. ഏറ്റവും വലിയ സ്നേഹത്തിന്റെ തെളിവായിരുന്നു യേശു. യേശുവിന്റെ ത്യാഗപൂർണ്ണമായ സ്നേഹമാണ് ദൈവത്തിനു പ്രസാദകരമായ യാഗമായി തീർന്നത്. എന്നിട്ടും നിരവധി പേർ നഷ്ടപ്പെടുവാനുള്ള കാരണം എന്താണെന്നു ചിന്തിക്കുമ്പോൾ, നമുക്ക് വേദന അനുഭവപ്പെടും. ദൈവത്തോടും ദൈവനിയമത്തോടും ആളുകൾ മൽസരിക്കുകയാണ്. ന്യായപ്രമാണകാലത്ത് ജീവിച്ചിരുന്ന യിസ്രായേൽ ജനവും അതുപോലെയായിരുന്നു. അതിന്റെ അനന്തരഫലം അവരുടെ ജീവിതത്തിൽ അനുഭവിക്കയും ചെയ്തു. അത്തരം ആളുകൾ അവരുടെ ജീവിതത്തെ പാഴാക്കി കളയുകയാണ്. ഓരോ ആത്മാവിന്റേയും വിലയെ യേശുക്രിസ്തു ഓർമ്മപ്പെടുത്തിയിരിക്കുന്നു.

യേശു നമ്മെ പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടവനായിരുന്നു. അതിനാൽ അവനു നമ്മുടെ പോരായ്മകൾ അറിയാം. അവന് നമ്മോട് സഹതാപം കാണിപ്പാൻ കഴിയുകയും ചെയ്യും (എബ്രായർ 4:15). അതിനേക്കാൾ ശ്രേഷ്ടമായ ഒരു മാതൃക കാണിപ്പാൻ ആർക്കും കഴിഞ്ഞിട്ടില്ല. അവന്റെ നാമത്തിൽ പ്രാർത്ഥിപ്പാൻ നമ്മോട് പറഞ്ഞിരിക്കുകയാണ്. അവന്റെ അധികാരത്തിൽ നാം യാചിക്കുന്നത് ചെയ്തു തരുമെന്ന് അവൻ ഉറപ്പ് നൽകിയിരിക്കുന്നു. അവൻ സ്വർഗത്തിനും ഭൂമിക്കും നാഥനാണ്, സകലത്തെയും സൃഷ്ടിച്ചവനാണ്. അവനെ കൂടാതെ യാതൊന്നും ഉളവായിട്ടില്ല. അവൻ നമ്മിൽ നിന്നും അകലെ ആയിരിക്കുന്നുമില്ല. നമ്മുടെ ഈ ഭൂമിയിലെ ജീവിതത്തിൽ സമൃദ്ധമായി അനുഗ്രഹിക്കാമെന്ന് വാക്ക് പറഞ്ഞിട്ടുണ്ട്. ഒരു സ്നേഹിതൻ മറ്റൊരു സ്നേഹിതനോട് ബന്ധപ്പെടുന്നതുപോലെ നമുക്ക് അവനോട് ബന്ധപ്പെടാം. അതേസമയം പിതാവിന്റെ ഇഷ്ടമനുസരിച്ച് വേണം നാം അവനോട് അപേക്ഷിക്കുവാൻ.

സഹ ക്രിസ്ത്യാനികളോടുള്ള കൂട്ടായ്മ മറ്റൊരു അനുഗ്രഹമാണ്. അത് സ്വർഗം നമുക്ക് നൽകുന്ന വലിയ സഹായമാണ്. ദുഷ്ടത നിറഞ്ഞ ലോകത്തിൽ, പാപത്താലുള്ള ദുഃഖവും വേദനയും അകറ്റുന്ന കർത്താവിനോട് ബന്ധപ്പെടുന്ന എല്ലാവരോടും നമുക്ക് ഒരു ആത്മിയമായ കുടുംബ ബന്ധമുണ്ടാകുന്നത് ആത്മിക വർദ്ധനവിന് ഉതകത്തക്കവണ്ണം, അന്യോന്യം പ്രബോധിപ്പിക്കുവാനാണ്. ദൈവ പരിജ്ഞാനത്തിലെത്തുവാൻ നമ്മോട് കൽപിച്ചിരിക്കുന്നത്. വിലയേറിയതും മഹത്തായതുമായ വിശ്വാസമാണ് നമുക്ക് ആവശ്യം (2 പത്രൊസ്. 1:1). സഹക്രിസ്ത്യാനികളെ അപ്പൊസ്തലനായിരുന്ന യോഹന്നാൻ സഹ സഹായികൾ എന്ന നിലയിലാണ് പറഞ്ഞിരിക്കുന്നത്. ഏതൊരു പുരുഷനായാലും സ്ത്രീയായാലും നമുക്ക് പരസഹായം വേണം. ദൈവം അങ്ങനെയാണ് മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത് എന്നറിയുക. നമ്മുടെ ആവശ്യങ്ങളിൽ ഉറ്റതുണയായി നിൽക്കുന്നവരാണ് നമ്മെ വാസ്തവത്തിൽ സ്നേഹിക്കുന്നവർ. യഥാർത്ഥ കൂട്ടുകാരൻ നമ്മുടെ സഹായിയായിരിക്കും. കർത്താവിന്റെ വചനം പ്രമാണിക്കുന്നവരെ ആ ഗണത്തിൽ പെടുത്താം.

ദൈവം നമുക്ക് ഒരു പ്രത്യാശ നൽകിയിരിക്കുകയാണ്. കാണുന്നതൊന്നുമല്ല നമ്മുടെ പ്രത്യാശ. ദൈവം യേശുക്രിസ്തുവിൽ വിശ്വസിച്ച് അവനെ അനുസരിക്കുന്നവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നതാണ് നിത്യജീവൻ. അശക്തരായവർക്ക് ശക്തി ആവശ്യമാണ്, ബലമില്ലാത്തവരെ താങ്ങുവാൻ ബലമുള്ളവർ വേണം എന്നു ദൈവത്തിനറിയാം. അതുകൊണ്ടാണ് നമ്മെ ഒരു ശരീരം എന്ന നിലയിൽ കൂട്ടിച്ചേർത്തിരിക്കുന്നത്. ക്രിസ്തു നമുക്ക് വേണ്ടി സ്ഥലം ഒരുക്കുവാനാണ് പോയിരിക്കുന്നത് (യോഹന്നാൻ 14:2, 3). ഈ ലോകയാത്രയുടെ അവസാനം നമ്മുടെ ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ നമുക്ക് വെച്ചിരിക്കുന്ന പ്രതിഫലം ലഭിക്കും. ദൈവം വിശ്വസ്തനാണ്, അവന്റെ പുത്രനായ ക്രിസ്തുവും വിശ്വസ്തനാണ് ദൈവം നമ്മെ തന്റെ പുത്രനായ ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കും അവന്റെ രാജ്യത്തിലേക്കുമാണ് വിളിച്ചിരിക്കുന്നത്. അനേകം പുത്രന്മാരെ തേജസിലേക്ക് നടത്തുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശം.

# പുതിയ അദ്ധ്യക്ഷന്മാർക്കുള്ള വെല്ലുവിളി

**ജാക്ക് പി. ലൂയിസ്**

ഒരാൾ കർത്താവിന്റെ സഭയിൽ അദ്ധ്യക്ഷൻ ആകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ നല്ല വേല ആഗ്രഹിക്കുന്നു (1 തിമൊഥെയൊസ് 3:1). അത് ഒരു പ്രത്യേക പദവിയാണെന്നു ധരിക്കരുത്. ഭൗതിക ലാഭത്തിനോ അധികാരത്തിനോ ഉള്ള ഒരു ഉദ്യോഗമല്ല അദ്ധ്യക്ഷസ്ഥാനം. മറിച്ച് അത് ഒരു സേവനമാണ്, ദൈവികമായ സേവനമാണ്. കർത്താവിന്നായി സഭയെ സേവിക്കുക. സഭയിലെ അംഗങ്ങളെ സേവിക്കുക എന്നർത്ഥം. സഭയിലെ അംഗങ്ങൾ ക്രിസ്തീയ വളർച്ചയിലാണ്. പ്രാരംഭത്തിൽ അവർക്ക് ധാരാളം ആവശ്യങ്ങൾ ഉള്ളതായി അവർക്ക് തോന്നിയേക്കാം. സേവനത്തിനായി സ്വയം സമർപ്പിക്കപ്പെട്ട് വരുന്ന ഓരോരുത്തരും വളരെ അധികം ശ്രദ്ധിച്ച് വേണം അതിലേക്ക് കടക്കുവാൻ. കാരണം അത് മഹനീയമായ ഒരു കർത്തവ്യമാണ്. മറ്റു സംഘടനകളിൽ ഉത്തരവാദിത്തം ഏൽക്കുന്നതുപോലെയല്ല, കർത്താവിന്റെ സഭയിലെ ഉത്തരവാദിത്തം. ഭയഭക്തിപൂണ്ട് ചെയ്യേണ്ടതായ ഒരു ദൗത്യമാണ് അത്. നാം ചെയ്യുന്നതെല്ലാം ദൈവത്തിനു പ്രസാദകരമായിരിക്കണം. മനുഷ്യരെ പ്രസാദിപ്പിക്കുക എന്നതല്ല ഒരു അദ്ധ്യക്ഷന്റെ ലക്ഷ്യം.

എഫെസ്യ സഭയിലെ മൂപ്പന്മാരെ വിളിച്ച് അപ്പൊസ്തലനായിരുന്ന പൗലൊസ് കൊടുക്കുന്ന നിർദ്ദേശം "ആട്ടിൻകൂട്ടത്തെ സൂക്ഷിച്ചുകൊൾക" എന്നായിരുന്നു (പ്രവൃ. 20:28). ഒരു ആട്ടിടയൻ ആട്ടിൻകൂട്ടത്തെ ശത്രുക്കളുടെ പിടിയിൽനിന്നു രക്ഷിക്കുകയും നല്ല മേച്ചൽപുറങ്ങളിലേക്ക് അവയെ നടത്തുകയും വേണം. ഒരു ഇടയൻ ആട്ടിൻകൂട്ടങ്ങൾക്ക് മാതൃകയായിരിക്കണം എന്നു പത്രൊസ് പറഞ്ഞിരിക്കുന്നു (1 പത്രൊസ് 5:3). യേശു ചെയ്തുതുടങ്ങിയതും ഉപദേശിച്ചതുമാണ് സുവിശേഷം. വിശ്വാസത്തിലായാലും, സമർപ്പണത്തിലായാലും, വ്യക്തിപരമായ സ്വഭാവത്തിലും, ഉപദേശത്തിലും , താൻ ആരാണെന്നു കാണുവാനാണ് ആളുകൾ ആഗ്രഹിക്കുന്നത്. അദ്ധ്യക്ഷൻ ഇടവക്ക് മുഴുവൻ അനുകരിക്കാവുന്ന ഒരു മാതൃകയായിരിക്കണം. ക്രിസ്തുവിന്റെ മാതൃക പിൻപറ്റിയ പൗലൊസ് തന്റെ അനുകാരികളാകുവാൻ നിർദ്ദേശിച്ചിരിക്കുന്നു. (1 കൊരിന്ത്യർ11:1).

"എന്നോട് പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളത് പ്രവർത്തിപ്പിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെയിരിക്കും" (ഫിലിപ്പിയർ 4:9). 1 തിമൊഥെയൊസ് 3 ലും തീത്തൊസ് 1 ലും മൂപ്പന്മാരെ കുറിച്ച് പറഞ്ഞിരിക്കുന്ന പ്രസ്താവനകൾ തിരഞ്ഞെടുക്കാവുന്നതല്ല. ഉദാഹരണമായി അദ്ധ്യക്ഷൻ നിരപവാദ്യൻ ആയിരിക്കണം (1 തിമൊഥെയൊസ് 3:2; തീത്തൊസ് 1:7). ഏതെങ്കിലും ഒരു അദ്ധ്യക്ഷനെ കുറിച്ച് ആളുകൾ അപവാദം പറയുന്നുവെങ്കിൽ, അയാൾ ആ കുറ്റം ചെയ്താലും ഇല്ലെങ്കിലും ആ ആളുകളെ നയിക്കുവാൻ പാടില്ല. അപ്പോൾ അവരെ ദൈവം വിധിച്ചോളും. ആളുകൾ അറിയപ്പെടാത്ത രീതിയിൽ രഹസ്യമായ പാപങ്ങൾ വെച്ചുകൊണ്ടിരിക്കുന്ന ആൾ ദൈവിക സേവനം നടത്തിയാൽ ആടിന്റെ വേഷം ധരിച്ച ചെന്നായി ആയിട്ടായിരിക്കും പ്രവർത്തിക്കുക. ഒരു ക്രിസ്ത്യാനി സത്യസന്ധനായിരിക്കണം എന്നു ദൈവം ആഗ്രഹിക്കുമ്പോൾ, ഒരു മൂപ്പനിൽനിന്നും ദൈവം ഒട്ടും കുറച്ചായിരിക്കുകയില്ല പ്രതീക്ഷിക്കുന്നത്.

ഒരു മൂപ്പൻ സഭയിലെ അംഗങ്ങളെ പഠിപ്പിക്കുന്നവനാണ്. ഉപദേശിപ്പാൻ സമർത്ഥനായിരിക്കണം എന്നു ദൈവം പറഞ്ഞിരിക്കുന്നു. അധികം ശിക്ഷാവിധി വരുമെന്നോർത്ത് നിങ്ങളിൽ പലരും ഉപദേഷ്ടാക്കന്മാർ ആകരുത്" എന്ന് യാക്കൊബ് മുന്നറിയിച്ചിരിക്കുന്നു (യാക്കൊബ് 3:1). നന്നായി ഭരിക്കുന്ന മൂപ്പന്മാരെ ഇരട്ടിമാനത്തിന് യോഗ്യരായി എണ്ണിക്കൊൾവിൻ. അത് അവർ ഞരങ്ങിക്കൊണ്ട് ചെയ്യാൻ ഇടവരുത്തരുത്. അങ്ങനെ സംഭവിച്ചാൽ അത് അംഗങ്ങൾക്ക് നന്നല്ല (എബ്രായർ 13:17). വേറൊരു യോഗ്യത പറഞ്ഞിരിക്കുന്നത് അദ്ധ്യക്ഷൻ വിരോധികൾക്ക് ബോധം വരുത്തുവാൻ കഴിവുള്ളവനായിരിക്കണം എന്നതാണ് (തീത്തൊസ് 1:9). അങ്ങനെ ഒരാൾക്ക് ചെയ്യുവാൻ കഴിയണമെങ്കിൽ അയാൾക്ക് ദൈവവചനം നന്നായി അറിഞ്ഞിരിക്കണം. ദൈവവചനമെന്ന അധികാരം അല്ലാതെ മൂപ്പനു പ്രത്യേകമായ അധികാരമൊന്നുമില്ല. അയാൾ ഒരു ഭരണാധികാരിയെപോലെ അടിച്ചമർത്തി ഭരിക്കുകയല്ല വേണ്ടത്. താൻ തന്നെ മുന്നിട്ടിറങ്ങി ആളുകൾക്ക് കാണിച്ചുകൊടുക്കണം. ഒരാളെ മൂപ്പനായി തിരഞ്ഞെടുക്കുന്നത് ഇടവകയാണ്.

# വചനം കൂടാതെ ഭർത്താവിനെ നേടൽ

## നീൽ പൊളാർഡ്

ഭാര്യമാരുടെ കടമകൾ പലതും പറഞ്ഞിരിക്കുന്നത് വാദങ്ങൾക്കിടയാക്കിയിട്ടില്ലെന്നു തോന്നുന്നു. പക്ഷെ ഈ ഒരു പ്രസ്താവന ഒരു പക്ഷെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാവാം. പത്രൊസ് ഭാര്യമാർക്ക് നൽകുന്ന നിർദ്ദേശങ്ങൾ അസാധാരണമായി തോന്നിയേക്കാം. പക്ഷെ അത് തികച്ചും പ്രായോഗികമാണ് എന്ന കാര്യത്തിൽ സംശയമില്ല. ഭർത്താവിനോടുള്ള ഭാര്യയുടെ കടമകളെ അവൻ വിപുലപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ വചനം കൂടാതെ എന്ന കാര്യത്തിലെത്തുമ്പോൾ ആണ് പ്രശ്നമാകുന്നത്. വചനത്തിന്റെ പ്രസക്തി എല്ലാവർക്കും അറിയാം. വചനം പ്രമാണിക്കാതെ ആരും രക്ഷ പ്രാപിക്കുകയില്ല എന്നും നമുക്ക് അറിയാം. മനുഷ്യരെ അവസാനം ന്യായം വിധിക്കുന്നതും വചനപ്രകാരമാണ്. വചനം ഒരിക്കലും മാറുന്നില്ല എന്ന കാര്യവും സ്പഷ്ടമാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് നടപ്പിന് കൂടുതൽ പ്രാധാന്യമുണ്ടെന്നോ അല്ലെങ്കിൽ വചനത്തിന് പ്രാധാന്യമില്ലെന്നോ അല്ല.

വാക്കുകൾ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യത്തെ ബൈബിൾ ഊന്നി പറയുന്നുണ്ട്. തളർന്നിരിക്കുന്നവനെ വാക്കുകൊണ്ട് താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു; അവൻ രാവിലെ തോറും ഉണർത്തുന്നു. ശിഷ്യന്മാരെപോലെ കേൾക്കേണ്ടതിന്നു എന്റെ ചെവി ഉണർത്തുന്നു(യെശയ്യാവ് 50:4). ഞാൻ പറയുന്ന ഉത്തരം ഹേതുവായി മനുഷ്യന്നു സന്തോഷം വരും തക്കസമയത്തു പറയുന്ന വാക്ക് എത്ര മനോഹരം (സദൃശവാക്യങ്ങൾ 15:23). നാം മറ്റുള്ളവരോട് സംസാരിക്കുമ്പോഴും ഇടപെടുമ്പോഴും മാന്യമായി, ബുദ്ധിയോടെ, സൗമ്യതയോടെ വേണം എന്നു ബൈബിളിൽ ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞിരിക്കുന്നു. ഭാര്യമാരാണല്ലൊ ഭർത്താക്കന്മാരോട് ഏറ്റവും അടുത്ത് ഇടപഴകുന്നത്. ഏത്ര ഭാര്യമാർക്ക് അവരുടെ ഭർത്താക്കന്മാരെ വാക്കുകൾ കൊണ്ടും, പെരുമാറ്റം കൊണ്ടും, സ്വഭാവം കൊണ്ടും മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നു ചോദിച്ചാൽ അവർ തന്നെയാണ് അതിന് ഉത്തരം നൽകേണ്ടത്. ഓരോരു

ത്തിയും ദൈവത്തോട് കണക്കു കൊടുക്കേണ്ടതാണെന്ന് തിരിച്ചറിയണം. അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ ആർക്കും സാധ്യമല്ല. ആളുകൾ സുവിശേഷം അനുസരിക്കുവാൻ പറ്റിയ അവസരം ഉണ്ടാക്കി കൊടുപ്പാൻ എല്ലാ ക്രിസ്ത്യാനികൾക്കും കഴിയണം. ഒരു കുടുംബത്തിലേക്ക് ഭാര്യയും ഭർത്താവുമായി സ്ത്രീപുരുഷന്മാർ പ്രവേശിക്കുമ്പോൾ, അവർക്ക് ദൈവത്താൽ നൽകപ്പെട്ട ആത്മിയമായ പങ്ക് മനസിലാക്കിയിരിക്കണം. അല്ലെങ്കിൽ കുടുംബജീവിതത്തിൽ താളപ്പിഴകൾ സംഭവിക്കും.

കുടംബാംഗങ്ങൾ സ്വർഗത്തിൽ പോകുവാൻ പല ഭാര്യമാരും വളരെയധികം പ്രയത്നിക്കുന്നുണ്ട്. പല ഭവനങ്ങളിലും നായകത്വം നടത്തേണ്ട ഭർത്താക്കന്മാർ ആ ചുമതല സ്ത്രീകൾക്ക് വിട്ടുകൊടുക്കും. അത് ദൈവേഷ്ടമല്ല എന്നു മനസിലാക്കുക. സ്ത്രീകൾക്ക് അല്ലാതെ തന്നെ ധാരാളം കാര്യങ്ങൾ ചെയ്യുവാനുണ്ട്. അമിതമായ ഭാരങ്ങൾ ഭാര്യ ഭർത്താവിന്മേലോ, ഭർത്താവ് ഭാര്യയുടെ മേലോ അടിച്ചേൽപിക്കരുത്. ചില ഭാര്യമാർ ക്രിസ്തീയ തത്വമനുസരിച്ച് ജീവിക്കാതെ വരുമ്പോൾ, കുടുംബം ശരിയായി പോകുകയില്ല. ദൈവത്താൽ അനുഗ്രഹിക്കപ്പെടേണമെങ്കിൽ, എല്ലാവരും ദൈവത്തിന് കീഴ്പ്പെട്ടു ജീവിക്കണം. സഭായോഗങ്ങളിൽ സാധാരണ ശുഷ്ക്കാന്തി കാണിക്കുന്നത് പുരുഷന്മാരേക്കാൾ സ്ത്രീകളാണ്. ക്രിസ്തീയ സഹോദരിമാരാണ് തങ്ങളുടെ ഭവനത്തെ ആത്മിയമായി സ്വാധീനിക്കേണ്ടത് എന്നാണ് പത്രൊസ് പ്രബോധിപ്പിക്കുന്നത്. ശരീയായ മാതൃക കാണിച്ചുകൊടുക്കണമെന്നാണ് ദൈവദാസൻ ഉത്തേജിപ്പിച്ച് പറയുന്നത്. നാം പതിനായിരം വാക്ക് സംസാരിക്കുന്നതിനേക്കാൾ ചുരുക്കമായി ജീവിച്ചു കാണിച്ചുകൊടുക്കുന്നത് വളരെ പ്രയോജനം ചെയ്യും. നമ്മുടെ ജീവിതത്തിൽ നമുക്ക് പാലിക്കുവാൻ കഴിയാത്തത് മറ്റുള്ളവരോട് പറഞ്ഞിട്ട് ഒരു കാര്യവുമില്ല എന്നർത്ഥം.

ശരിയായി സ്വാധീനം ചെലുത്തുന്നതിനെ കുറിച്ച് യേശു തന്റെ ഭൗമിക കാലത്തെ ശുശ്രൂഷക്കിടയിൽ പലപ്പോഴായി പറഞ്ഞിരുന്നു. ഒരു ഭാര്യക്ക് ഭർത്താവിന്റെ മുൻപിലല്ലാതെ ആരുടെ മുൻപിലാണ് കൂടുതൽ ശോഭിക്കുവാൻ കഴിയുക? യേശു പറഞ്ഞതും കാണിച്ചതുമായ മാതൃക നാം പിൻപറ്റിയാൽ നാം ദൈവത്തെ മഹത്വപ്പെടുത്തും. തന്നെയുമല്ല നാം യഥാർത്ഥത്തിൽ അവന്റെ ശിഷ്യന്മാരാ

ണെന്ന് ലോകം അറിയുകയും ചെയ്യും. ഒരു ഭാര്യ ഭർത്താവിന്റെ മുൻപിൽ ശരിയായത് ചെയ്താൽ അത് ഭർത്താവിനെ മാനിക്കുന്നതിനു തുല്യമാണ്, അത് ദൈവത്തെ ബഹുമാനിക്കുന്നതുമാണ്. ഭാര്യ സകലത്തിലും തന്റെ ഭർത്താവിന്നു കീഴ്പ്പെട്ടിരിക്കണം എന്ന ബൈബിൾ തത്വം അവർക്ക് മാത്രമല്ല, അവരുടെ പ്രവൃത്തി കാണുന്ന ഏതൊരാളും ദൈവത്തിനു പുകഴ്ച്ച കൊടുക്കുവാനിടയാകും. സൽസ്വഭാവിയായ ഭാര്യ തന്റെ സ്വഭാവത്താൽ അല്ലെങ്കിൽ അവളുടെ പെരുമാറ്റത്താൽ അവൾക്ക് തന്റെ ഭാർത്താവിനെ അനുസരണത്തിലേക്ക് നയിക്കുവാൻ കഴിയും എന്നാണ് പത്രൊസ് അർത്ഥമാക്കിയത്.

അവിശ്വാസിയായ ഭർത്താവിനോടുകൂടെ ജീവിക്കുന്ന വിശ്വാസിയായ ഭാര്യക്ക് ഈ നടപടി സമ്മർദ്ദം ചെലുത്തുന്നതായി തോന്നിയേക്കാം. സ്ത്രീ വിചാരിച്ചാൽ അവളുടെ ഭർത്താവിനെ സ്വാധീനിക്കുവാൻ കഴിയും എന്നു ദൈവത്തിന് അറിയാം. അത്തരം സാഹചര്യങ്ങളെ ബുദ്ധിപൂർവ്വം നേരിട്ടാൽ വിജയിക്കും എന്നുറപ്പാണ്. ഭാര്യ എല്ലാ സഭായോഗങ്ങൾക്കും പോകുന്നത് ഇഷ്ടമില്ലാത്ത ഭർത്താവ് അതിനെ തടയുകയും ചിലപ്പോൾ ഭീഷണിപ്പെടുത്തുകയും ചെയ്തേക്കാം. അങ്ങനെയുള്ള ഭർത്താവിനെ മാറ്റിയെടുക്കുവാൻ വാശിയോ നിർബ്ബന്ധബുദ്ധിയോ അല്ല ഉപയോഗിക്കേണ്ടത്, മറിച്ച് സ്നേഹത്താൽ അയാളെ മാറ്റി എടുക്കാൻ ശ്രമിക്കണം. ആരാധന മുടക്കിയാലുള്ള ദൈവകോപത്തെ അതേ സമയം ബോധ്യപ്പെടുത്തിക്കൊടുക്കയും വേണം. വേറെ ചില ഭാര്യമാർ ഭർത്താക്കന്മാരെ പ്രീതിപ്പെടുത്തുവാൻ അവർ പറയുന്നത് കേട്ട് ആത്മിയമായി വിട്ടുവീഴ്ച്ച ചെയ്യും. ആത്മിയ വിട്ടുവീഴ്ച്ച നമ്മെ പരാജയത്തിലേക്ക് നയിക്കും എന്ന് ഓർക്കണം. കാരണം അത് ദൈവേഷ്ടത്തിനു വിരുദ്ധമാണ്.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നവരെ രക്ഷിക്കുവാൻ ദൈവം വെച്ചിരിക്കുന്ന വഴിയല്ലാതെ മറ്റു വഴികൾ ഒന്നും നാം തിരഞ്ഞെടുക്കരുത്. ദൈവത്തെ അനുസരിക്കാതെ അവിശ്വാസിയായോ, അ-ക്രൈസ്തവരായോ കഴിയുന്നവരെ പല രീതിയിൽ നേർ പാതയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ കഴിയും. ശരിയായ മനോഭാവം നമ്മുടെ നടപ്പിൽ പ്രകടിപ്പിക്കുവാനാണ് പത്രൊസ് പറഞ്ഞിരിക്കുന്നത്. ഭാര്യമാർ സൗമ്യതയും സാവധാനതയുമുള്ള മനസ് എന്ന അക്ഷയഭൂഷ

ണമായി ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം. അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. എല്ലാ കൈപ്പും വിദ്വേഷവും ഓരോ ക്രിസ്ത്യാനിയും വിട്ടുകളയണം. കുറ്റമോ, പകയോ നമ്മിൽ നിലനിൽക്കുവാൻ അനുവദിക്കരുത്. അന്യോന്യ മുള്ള ബഹുമാനം നാമെല്ലാവരും സൂക്ഷിക്കണം. പ്രത്യേകിച്ച് ഭാര്യ മാർ ബഹുമാനത്തിൽ മുന്നിട്ടുനിൽക്കണം. വളരെ വേഗത്തിൽ ഉപാ യത്താൽ ചതിക്കപ്പെടുവാനിടയുള്ളതുകൊണ്ട് ഭാര്യമാർ വളരെ ശ്രദ്ധിക്കണം. അമിതാവേശത്താൽ എടുത്തുചാടി ഒന്നും ചെയ്യാതി രിക്കുകയാണ് വേണ്ടത്. ക്ഷമയോടെ വേണം നാം ഒരാത്മാവിനെ നേടുവാൻ.

നീതിമാന്മാരുടെ പ്രാർത്ഥനയാണ് ദൈവം കേൾക്കുന്നത്. കണ്ണിന്റെ ശോഭ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. നല്ല വർത്ത മാനം അസ്ഥികളെ തണുപ്പിക്കുന്നു (സദൃശവാക്യങ്ങൾ 15:30). നമ്മുടെ നടപ്പിൽ നമുക്ക് ദൈവികജ്ഞാനമാണ് വേണ്ടത്. ഉയര ത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമ്മലവും പിന്നെ സമാധാ നവും, ശാന്തതയും അനുസരണമുള്ളതും, കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു (യാ ക്കൊബ് 3:17). ദയയോടുകൂടിയും സ്നേഹത്തോടുകൂടിയതുമായ സ്വഭാവമാണ് ഒരാൾക്ക് മറ്റൊരാളുടെ പരിവർത്തനത്തിന് സഹായി ക്കുന്നത്. ഏതൊരാൾക്കും സാന്ത്വനം ആവശ്യമാണ്. കർത്താവ് സൗമ്യതയോടെയാണ് എല്ലാവരോടും ഇടപെട്ടത്. അതുകൊണ്ട് കർത്താവിനെ അനുഗമിക്കുവാൻ ധാരാളം ആളുകളുണ്ടായിരുന്നു. ക്രിസ്ത്യാനിത്വം സ്നേഹത്തിന്റെ മാർഗമാണ്. ക്രിസ്തു പഠിപ്പിച്ച തത്വം വലത്തെ ചെകിടത്ത് അടിച്ചവന്ന് ഇടത്തേത് കാണിച്ചു കൊടുക്ക എന്നതാണ്. തന്നെത്താൻ ഉയർത്തി കാണിക്കുന്നവ രെല്ലാം പ്രശ്നം വിളിച്ചുവരുത്തുന്നവരായിരിക്കും. മറിച്ച് തന്നെത്താൻ താഴ്ത്തുന്നവർ പ്രശ്നങ്ങൾ പരിഹരിക്കുന്നവരായിരിക്കും. ജയിക്കു വാൻ കഴിയുമെന്ന് വിചാരിച്ചു വേണം നാം പോരാടുവാൻ. യേശു സകല പരീക്ഷണങ്ങളെയും അതിജീവിച്ചു. ലോകത്തെയും ജയി ച്ചു. വിശ്വാസമാണ് അതിനാവശ്യം. ദൈവത്തിന്റെ സഹായത്താൽ മാത്രമെ നമുക്കു വിജയിക്കുവാൻ കഴിയു. അവൻ നമ്മോടുകൂടെ എപ്പോഴും ഉണ്ടാകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഏതൊരു ഭവനത്തിലും മുൻഗണനകൾ തീരുമാനിക്കുന്നതിന് പ്രാധാന്യമുണ്ട്. ഭൗതിക കാര്യങ്ങളേക്കാൾ പ്രാധാന്യം ആത്മിക മായ കാര്യങ്ങൾക്ക് കൊടുക്കണം. ദൈവത്തിന് പ്രഥമസ്ഥാനം നൽകുകയും ഏതു കാര്യവും ദൈവമഹത്വത്തിനായി ചെയ്യുകയും വേണം എന്നത് പരമ പ്രധാനമാണ്. ദൈവം ഒരു സ്ത്രീയേയും പുരുഷനേയും കുടുംബജീവിതത്തിനായി കൂട്ടിച്ചേർക്കുന്നു. ആത്മി യമായി അതിന്റെ ഉദ്ദേശം ഓരോരുത്തരും മനസിലാക്കിയിരിക്ക ണം. ജഡത്തെ അനുസരിച്ച് കാര്യങ്ങൾ നടത്തുവാൻ ശ്രമിക്കുന്ന വരുണ്ട്. അതല്ല ശരിയായ നിലപാട് ആത്മാവിനെ അനുസരിച്ച് ജഡത്തെ നാം അതിജീവിക്കണം (റോമർ 8:5). നമ്മിൽ എപ്പോഴും ജഡവും ആത്മാവും തമ്മിലുള്ള പോരാട്ടം ഉണ്ടായിരിക്കും. സ്ത്രീയും പുരുഷനും അവരുടെ ഹൃദയത്തെ സൂക്ഷിക്കണം. വിശു ദ്ധീകരണം കൂടാതെ നമുക്ക് ദൈവത്തെ കാണുവാൻ സാധ്യമല്ല. ഭർത്താക്കന്മാർ ജഡത്തെ അനുസരിച്ചു ജീവിക്കുമ്പോൾ അവരുടെ ഭാര്യമാർ എന്താണ് ചെയ്യേണ്ടത്?

ക്രിസ്തീയ സ്ത്രീകൾ മുമ്പെ അന്വേഷിക്കേണ്ടത് ദൈവരാജ്യ മാണ്. ഭർത്താക്കന്മാർക്കു വേണ്ടി ഭാര്യമാർ തങ്ങളുടെ ധാർമ്മിക തയോ ആത്മികതയോ പണയം വെക്കരുത്. കാരണം അവർക്ക് കണക്കു കൊടുക്കുവാനുള്ളത് ദൈവത്തോടാണ്. ചില സ്ത്രീകൾ കർത്താവിനേക്കാൾ ഭർത്താവിനെ സ്നേഹിക്കും. അത് ദൈവത്തെ നിന്ദിക്കുന്നതിനു തുല്യമാണ്. ഭർത്താവിനു കൊടുക്കേണ്ട സ്നേഹം ഭർത്താവിനും കർത്താവിനു കൊടുക്കേണ്ടതു കർത്താവിനും കൊടു പ്പാൻ സ്ത്രീകൾ പഠിച്ചിരിക്കണം.

ഭാര്യ കർത്താവിനോട് വചനപ്രകാരം വിശ്വസ്തയായിരിക്കു കയും ഭർത്താവിനോട് മറ്റെല്ലാ കാര്യത്തിലും വിശ്വസ്തയായിരി ക്കുകയും വേണം എന്നർത്ഥം. ദൈവനാമം ദുഷിക്കപ്പെടാതെ നോക്കേണ്ടത് ഒരു ക്രിസ്തീയ ഭാര്യയുടെ ധർമ്മമാണ്. ക്രിസ്ത്യാ നിത്വത്തെ ഉയർത്തിക്കാണിക്കുവാൻ എല്ലാവരും ശ്രമിക്കണം. സത്യ സന്ധതയും ആത്മാർത്ഥതയും നടപ്പിൽ ഭാര്യമാർ കാണിക്കണം. അപവാദി ക്രിസ്തുവിന്റെ നാമം ദുഷിക്കുവാൻ ഇടയാകരുത്.

✶

# വചന പുരുഷന്മാർ എവിടെ?

## ഡാൻ ആർ.ഓവൻ

നൂറ്റാണ്ടുകളായി കർത്താവിന്റെ സഭകളിലെ ഉപദേഷ്ടാക്കന്മാരും പ്രാസംഗികരും അനുവർത്തിച്ചുവരുന്ന രീതിയാണ് വചനത്തിൽ തന്നെ നിൽക്കുക എന്നത്. ആധുനിക കാലഘട്ടത്തിൽ അതിന്എല്ലാവർക്കും കഴിയുന്നുണ്ടോ? അല്ലെങ്കിൽ എല്ലാവരും അങ്ങനെ തന്നെ തുടരേണ്ടതുണ്ടോ എന്ന ചോദ്യം ഉയരുന്നു. അതായത് ഊന്നൽ കൊടുക്കേണ്ടതിൽനിന്നു മാറുക എന്നതാണ് ചോദ്യം ഉന്നയിക്കുന്നവർ ആഗ്രഹിക്കുന്നത്. ഉപദേഷ്ടാക്കന്മാരെ പരിശീലിപ്പിക്കുന്ന നമ്മുടെ സ്ഥാപനങ്ങളിൽ ധാരാളം ചോദ്യങ്ങൾ വെല്ലുവിളി ഉയർത്തുന്നുണ്ട് എന്നത് സമ്മതിക്കണം. ദൈവം വചനം നൽകിയിരിക്കുന്നത് കാലാവസാനം വരെ പ്രയോജനപ്പെടുവാനായിട്ടാണ്. ഇടക്ക് വെച്ച് മാറ്റം വരുത്തുവാനായി ശ്രമിക്കുമ്പോൾ അവർ ദൈവ പദ്ധതിയെ മാറ്റുവാൻ ശ്രമിക്കുകയാണ്. ദൈവപദ്ധതിയോ, ദൈവ വിശുദ്ധിയോ, ദൈവനീതിയോ മാറാതെയിരിക്കുകയാണ്.

പ്രവാചകന്മാരുടെ കാലത്ത് ദൈവം അവരോട് അരുളിച്ചെയ്തതു അവർ അങ്ങനെ തന്നെ ജനത്തോട് പറഞ്ഞിരുന്നു. യേശുക്രിസ്തു ഈ ഭൂമിയിൽ വന്നപ്പോൾ പറഞ്ഞതും പഠിപ്പിച്ചതുമെല്ലാം പിതാവ് അരുളിച്ചെയ്തതുമാത്രമായിരുന്നു. ക്രിസ്തുവിന്റെ മരണശേഷം അപ്പൊസ്തലന്മാർ ഭൂമിയിലെല്ലാ സ്ഥലത്തും പോയി പ്രസംഗിച്ചതും ഉപദേശിച്ചതും ക്രിസ്തുവിന്റ ഉപദേശം മാത്രമായിരുന്നു. അപ്പൊസ്തലന്മാർ സാധാരണ ജനത്തോട് പറഞ്ഞിരുന്നത് വചനത്തോട് കൂട്ടുകയോ കുറക്കുകയോ ചെയ്താൽ അതിന്റെ ഫലം എന്തായിരിക്കുമെന്ന് മുന്നറിയിക്കുകയും ചെയ്തിരുന്നു. പിൽക്കാലത്ത് ദൈവചനത്തിൽനിന്നും ആളുകൾ മാറി സഞ്ചരിച്ചപ്പോഴായിരുന്നു പുതിയനിയമത്തിലേക്ക് മടങ്ങിപ്പോകുവാനുള്ള ആഹ്വാനമുണ്ടായത്. അത് തികച്ചും ദൈവത്തിനു സ്വീകാര്യമായ സമീപനമായിരുന്നു. ദൈവശ്വാസിയരായ അപ്പൊസ്തലന്മാരും പ്രവാചകന്മാരും നമുക്ക് കൈമാറിത്തന്നതായ നിർമ്മല വചനം അങ്ങനെ തന്നെ സൂക്ഷിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു.

ആകയാൽ വചനപുരുഷന്മാരെയാണ് ദൈവം നോക്കുന്നത്.

ശമുവേൽ, ഹിസ്ക്കിയാവ്, യോശിയാവ്, നെഹെമ്യാവ് എന്നിവരുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് ഒരു കാര്യം വ്യക്തമാകും. അവരെല്ലാം ആളുകളെ ദൈവവഴിയിലേക്ക് തിരിക്കുകയായിരുന്നു. ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും അതിന്റെ അവസാനം നാശമാകുന്നു എന്നാണ് ശലോമോൻ പറയുന്നത് (സദൃശവാക്യങ്ങൾ. 14:12). ദൈവം വിചാരിക്കുന്നത് ഒരുവിധത്തിൽ, മനുഷ്യർ വിചാരിക്കുന്നത് വേറൊരുവിധത്തിൽ. മനുഷ്യന് എപ്പോഴെങ്കിലും ദൈവത്തേക്കാൾ ജ്ഞാനിയാകുവാൻ പറ്റുമോ? ഒരിക്കലും ഇല്ല. ദൈവം വെളിപ്പെടുത്തിയ സത്യത്തിനു തുല്യമായി മറ്റൊന്നില്ല; അപ്പോൾ പിന്നെ അതിനേക്കാൾ ശ്രേഷ്ടമെന്ന് തോന്നുന്ന മറ്റെന്തെങ്കിലും കാണുമോ? ഇല്ല എന്നതാണ് ഉത്തരം. മനുഷ്യരുടെ ഒരു കുഴപ്പം എന്തെന്നാൽ, അവർ തങ്ങൾക്കുള്ളതിൽ തൃപ്തരല്ല എന്നതാണ്. ഏറ്റവും വിലയേറിയതും ഉന്നതവുമായ ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രം നമുക്ക് മതി എന്ന മനോഭാവമാണ് എല്ലാവർക്കും വേണ്ടത്.

മനുഷ്യരുടെ പാരമ്പര്യമോ, മാനുഷകൽപനകളോ നാം സ്വീകരിച്ച് ദൈവത്തെ ആരാധിക്കാമെന്നു വിചാരിക്കുന്നുവെങ്കിൽ ദൈവം അത് സ്വീകരിക്കുകയില്ല, അത് വ്യർത്ഥമാണെന്ന് കർത്താവ് തന്നെ പറഞ്ഞിരിക്കുന്നു (മത്താ. 15:9). ചിലർ ബൈബിൾ കോളേജുകളിൽ പോയി യുവത്വ ശുശ്രൂഷകളിലോ, മനശാസ്ത്രപരമായ വിദ്യാഭ്യാസ തത്വങ്ങളിലോ പ്രാഗത്ഭ്യം നേടുന്നു, വേറെ ചിലർ സാമൂഹ്യപഠനങ്ങളിലും ശ്രദ്ധ ചെലുത്തുന്നു. എന്നാൽ ബൈബിളിൽ വളരെ കുറച്ചു മാത്രം പഠനം നടത്തുന്നു. വേറെ ചിലർ യുവാക്കളെയും യുവതികളെയും കൗൺസലിങ്ങ് നടത്തുന്നതിൽ പ്രാവീണ്യം നേടി ആ നിലയിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. അവരും തിരുവെഴുത്തുകളെ മുഖ്യധാരയിൽനിന്ന് മാറ്റി പാർശ്വവൽക്കരിക്കുകയാണ് ചെയ്യുന്നത്. ഇനി ബൈബിൾ പഠിക്കുന്നവർ ചില ഉപദേശങ്ങളിൽ ശ്രദ്ധചെലുത്തി അതിലാണ് മികവ് പുലർത്തുവാൻ ശ്രമിക്കുന്നത്. എന്നാൽ വേദപുസ്തകം നിഷ്പ്പക്ഷമായി പഠിക്കുകാണ് വേണ്ടത്. തിരുവെഴുത്തുകളെ ശോധന ചെയ്താണ് ഒന്നാം നൂറ്റാണ്ടിൽ ആളുകൾ തെറ്റും ശരിയും മനസിലാക്കിയിരുന്നത് (പ്രവൃത്തികൾ 17:11). ഒരുവൻ പ്രസംഗിക്കുന്നുവെങ്കിൽ അവൻ ദൈവത്തിന്റെ അരുളപ്പാടാണ് പ്രസംഗിക്കേണ്ടത്.

മനുഷ്യരുടെ തത്വസംഹിതകളല്ല നാം അനുസരിക്കേണ്ടത്. പിന്നെയോ ദൈവത്തിന്റെ അരുളപ്പാടുകൾ മാത്രമാണെന്ന കാര്യം സുപ്രധാനമാണ്. ദൈവം നമ്മുടെ സൃഷ്ടികർത്താവാണ്, പരമാധികാരിയാണ്, അതോടൊപ്പം സർവ്വജ്ഞാനിയുമാണ്. മനുഷ്യരുടെ മുമ്പിൽ കയ്യടി വാങ്ങുവാൻ ആഗ്രഹിക്കുന്നവരും ബുദ്ധിമാന്മാരാകുവാനും ശ്രമിക്കുന്നവർ വാസ്തവത്തിൽ ദൈവത്തിനെതിരായി പ്രവർത്തിക്കുകയാണ് എന്ന കാര്യം മറന്നുപോകുന്നു. ഒരുപക്ഷെ സാത്താൻ അവരെ നിയന്ത്രണത്തിലെടുത്തിരിക്കുകയാവാം. മനുഷ്യരുടെ കാഴ്ച്ചപ്പാടുകൾ എന്തു തന്നെയായാലും, അത് ദൈവത്തിന്റേതിനേക്കാൾ കുറവുള്ളതു തന്നെയായിരിക്കും. നാം വേദപുസ്തകത്തോട് നീതി പുലർത്തുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. എഴുതിയിരിക്കുന്നതാണ് നമ്മുടെ ജീവിതത്തിനാവശ്യമായത്. എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കരുത് എന്ന് തിരുവെഴുത്ത് നമ്മെ മുന്നറിയിച്ചിരിക്കുകയാണ് ( 1 കൊരിന്ത്യർ 4:6).

ദൈവവചനത്തെ മോടിപിടിപ്പിക്കുവാൻ ശ്രമിക്കുന്നവർ ദൈവവചനത്തിന്റെ ശക്തിയെ ഇല്ലാതാക്കുകയാണ്. വചനം അങ്ങനെ തന്നെ എടുക്കുമ്പോഴാണ് അതിന്റെ ശക്തി നമ്മിലേക്ക് വ്യാപരിക്കുന്നത്. ദൈവശക്തി ഇല്ലാതായാൽ വചനം വചനം തന്നെ അല്ലാതാകും. ആത്മാവിന്റെ രക്ഷക്കും, ആത്മികവർദ്ധനവിനും, ദൈവത്തോട് വിശ്വസ്തത പുലർത്തുവാനും, ദൈവത്തെ നമസ്ക്കരിക്കുന്നതിനും, ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ആവശ്യമായതെല്ലാം വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ നാം തികഞ്ഞവരായി തീരുവാനും ആവശ്യമായതെല്ലാം ഇതിൽ അടിങ്ങിയിട്ടുണ്ട് (2 തിമൊഥെയൊസ് 3:16). മനുഷ്യജീവിതത്തെ കർത്താവ് ഭരിക്കുന്നത് വചനത്തിനു പുറത്തല്ല, വചനം മുഖാന്തരമാണ്. രക്ഷിക്കുന്നതും ജീവിപ്പിക്കുന്നതുമായ വചനം സൗമ്യതയോടെ അനുസരിക്കുകയാണ് മനുഷ്യർ ചെയ്യേണ്ടത്. സമയത്തിലും അസമയത്തിലും വചനം പ്രസംഗിക്കുവാനാണ് ദൈവം ആജ്ഞാപിച്ചിരിക്കുന്നത്. കർത്താവായ യേശു മടങ്ങി വരുന്നതുവരെ വചനം ആവശ്യമാണ്. നമ്മെ നിലനിർത്തുന്നത് വചനമാണ്. സകലത്തെയും അവൻ വഹിക്കുന്നത് വചനത്താലാണ്. അതുകൊണ്ട് പ്രിയ സഹോദരന്മാരെ വചനത്തെ മാറ്റി ദൈവത്തിൽനിന്നുള്ള ശിക്ഷ വാങ്ങാതിരിക്കുക.

# സഭ: മാഹാത്മ്യത്തിന്റെ അളവ്

## വെയിൻ ബാരിയർ

ഇന്ന് ലോകത്തിൽ ധാരാളം സംഘടനകൾ ഉണ്ട്. അവയെല്ലാം ഫലപ്രദമായ പരിപാടികൾ നടത്തുകയും വളർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ലോകപ്രകാരം വിജയവും നേട്ടവുമാണ് അവരുടെയെല്ലാം ലക്ഷ്യം. എന്നാൽ ലോകത്തിലെ ഏറ്റവും വലിയ സ്ഥാപനമായ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വിജയവും നേട്ടവും നാം എങ്ങനെ കൈവരിക്കും? അതായത് സഭയുടെ വളർച്ച നാം എങ്ങനെ വിലയിരുത്തും? ആളുകളുടെ എണ്ണം നോക്കി സഭ വളരുന്നു എന്നു കണക്കാക്കുന്നവരുണ്ട്. മറ്റു ചിലർ സഭയുടെ പലവിധത്തിലുള്ള പ്രോഗ്രാമുകളെ വിജയത്തിന്റെ അടയാളമായി കാണുന്നു. വേറെ ചിലർ സഭയുടെ ആത്മിയതയെ നോക്കിയാണ് വളർച്ച തിരിച്ചറിയുന്നത്. ആ ഘടകങ്ങളെല്ലാം നാം പരിഗണിക്കേണ്ടതായിട്ടുണ്ട്. അതിൽ ഒന്നും നാം അവഗണിക്കാവുന്നതല്ല. മത്തായിയുടെ സുവിശേഷത്തിൽ നമുക്ക് പ്രയോജനമുള്ള ഏതാനും വാക്യങ്ങൾ പരിശോധനക്കായി എടുക്കാം.

മത്തായി 18:1-4 ൽ ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ ആരാണെന്ന് യേശു നിർവ്വചിച്ചിരിക്കുന്നു. "ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു. സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി; നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയ്‌വരുന്നില്ല എങ്കിൽസ്വർഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു."

ദൈവരാജ്യത്തിലെ ഏറ്റവും വലിയ സ്ഥാനം ഏതെന്നും ശിഷ്യന്മാർക്ക് സംശയമുണ്ടായി. മത്തായി 20:20-28 ൽ വിവരിക്കുന്നത് നോക്കുക. യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മ യേശുവിന്റെ അടുക്കൽ ഒരു ആവശ്യവുമായി വന്നു. തന്റെ മക്കളിൽ ഒരാളെ കർത്താവിന്റെ വലത്തും, മറ്റൊരാളെ ഇടത്തും ഇരുത്തുവാൻ വരം നൽകേണം. അപ്പൊസ്തലന്മാരിൽ രണ്ടുപേരായിരുന്നു

അവർ. യേശുവിന് വേറെയും അപ്പൊസ്തലന്മാരുണ്ടായിരുന്നു. കർത്താവ് അതിനു ഉചിതമായ മറുപടിയാണ് നൽകിയത്. "ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ ആകരുത്. നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം" (വാ. 25–28).

ഏറ്റവും വലിയ തത്വം യേശു മത്തായി 22:34–40 ൽ പഠിപ്പിക്കുന്നു. ന്യായപ്രമാണത്തിൽ ഏറ്റവും മുഖ്യമായ കൽപന ഏതെന്ന ചോദ്യത്തിന് യേശു ഉത്തരം നൽകുകയായിരുന്നു. വാക്യം 36 മുതൽ 40 വരെ വായിക്കുക. "സദൂക്യരെ യേശു മിണ്ടാതാക്കിയപ്രകാരം കേട്ടിട്ട് പരീശന്മാർ ഒന്നിച്ചുകൂടി, അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു:ഗുരോ, ന്യായപ്രമാണത്തിൽ ഏതു കൽപന വലിയത് എന്നു ചോദിച്ചു. യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസോടുംകൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന. രണ്ടാമത്തേത് അതിനോട് സമം. കൂട്ടുകാരനെ നിന്നെ പോലെ സ്നേഹിക്കേണം. ഈ രണ്ടു കൽപനകളിൽ ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു." ചുരുക്കി പറഞ്ഞാൽ ദൈവത്തെയും മനുഷ്യരേയും സ്നേഹിക്കുക എന്നതാണ് ദൈവം മനുഷ്യരിൽനിന്നു പ്രതീക്ഷിക്കുന്നത്. പിതാവിനെ വെളിപ്പെടുത്തിയ യേശു അതാണ് നമുക്ക് കാണിച്ചുതരുന്ന മാതൃക. നാം ഓരോരുത്തരും പിൻപറ്റേണ്ട മാതൃക അതു തന്നെയാണ്.

ഉയർത്തെഴുന്നേറ്റ യേശു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന ഏറ്റവും മഹത്തായ കൽപനയും ദൗത്യവും അവർ സഭയിൽ ഭരമേൽപിച്ചിരിക്കുകയാണ്. മതപരമായി സകല അധികാരവും യേശുവിനു നൽകപ്പെട്ടതുകൊണ്ട്, നമുക്ക് അവനെ അനുസരിക്കാതെ നിർവ്വാഹമില്ല. നമുക്ക് മാത്രമല്ല, സകല മനുഷ്യർക്കും അതാണ് വേണ്ടത്. സകല മനുഷ്യരും കർത്താവായ യേശുവിന്റെ ശിഷ്യന്മാരാകുവാനാണ് കൽപിച്ചിരിക്കുന്നത്. അത് അവന്റെ ഉപദേശം അനു

സരിക്കുന്നതിൽകൂടെയാണ് സാധ്യമാകുന്നത്. മനുഷ്യർക്ക് പ്രവേശിക്കാവുന്നതും അംഗമായി തീരുവാൻ കഴിയുന്നതുമായ ഏറ്റവും വലിയ സ്ഥാപനമാണ് സഭ. അത് കർത്താവിനാൽ സ്ഥാപിതവും മറ്റൊരു ശക്തിക്കും തോൽപിക്കുവാൻ കഴിയാത്തതുമാണ് (മത്തായി 16:18, 19). യേശു തന്റെ പാപമില്ലാത്ത രക്തം കൊടുത്തു സമ്പാദിച്ചതാണ് അവന്റെ സഭ. മനുഷ്യനിർമ്മിതമായ സഭകളുമായി കർത്താവിന്ന് ഒരു ബന്ധവുമില്ല. ക്രിസ്തുവിനു ഒരേ ഒരു സഭ മാത്രമാണുള്ളത് (കൊലൊസ്യർ 1:18). ലോകത്തിൽനിന്നു സുവിശേഷത്താൽ വിളിച്ചു വേർതിരിക്കുന്നവരുടെ സംഘമാണ് സഭ.

പാപമോചനം ലഭ്യമായ ഏക സ്ഥാപനമാണ് കർത്താവിന്റേത്. മറ്റാർക്കും പാപം മോചിച്ചുകൊടുക്കുവാനുള്ള അധികാരമില്ല. ഏറ്റവും ശുദ്ധമായ വഴിയാണ് കർത്താവിന്റേത്. ദൈവം മനുഷ്യർക്ക് രൂപപ്പെടുത്തിയ ഏക വഴിയാണ് അത്. ക്രിസ്തുവിന്റെ നാമം സകല നാമങ്ങളിൽവെച്ച് ശ്രേഷ്ടമാണ്. അവന്റെ അനുയായികൾക്ക് നൽകിയിരിക്കുന്ന ഏറ്റവും വലിയ നാമമാണ് ക്രിസ്ത്യാനികൾ എന്ന നാമം. അത് ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു ലഭിക്കുന്നതാണ്. ഭൂമിയിൽ വസിക്കുന്ന ആളുകൾക്ക് ദൈവത്തോട് ബന്ധപ്പെടുവാനും കൂട്ടായ്മ അനുഭവിക്കുവാനും ഉള്ള സ്ഥാപനമാണ് സഭ.

മത്തായിയുടെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള പ്രസ്താവനകൾ മനസിലാക്കുവാൻ പ്രയാസമുള്ളതല്ല. സഭയുടെ പ്രത്യേകതയും, സ്വഭാവവിശേഷതയും, വളർച്ചയും, നിലനിൽപും എല്ലാം മുൻകൂട്ടി കണ്ട് ദൈവം പറഞ്ഞിട്ടുള്ളതാണ്. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആളുകൾക്ക് അത് മനസിലായിരുന്നു. ദൈവം വലിയ രക്ഷാമാർഗം ഒരുക്കി സകല മനുഷ്യർക്കും അത് വെളിപ്പെടുത്തി കൊടുത്തിട്ട് പിന്നെ നാം നഷ്ടപ്പെട്ടുപോയാൽ അതിനു ദൈവം ഉത്തരവാദിയല്ല. സർവ്വലോകത്തിന്റേയും പാപപരിഹാരയാഗമായി തന്റെ ഏകജാതനായ പുത്രനെ അനുവദിച്ചതിനേക്കാൾ വലിയ സ്നേഹമില്ല (യോഹന്നാൻ 3:16). ദൈവം ഇന്നും നമ്മോടു കാണിക്കുന്ന സ്നേഹം നിമിത്തമാണ് നാം നശിച്ചുപോകാതിരിക്കുന്നത്. ക്രിസ്തുവിൽ ജീവിക്കുക എന്നതാണ് ഏറ്റവും മഹത്തായ ജീവിതം. കർത്താവിനെ സേവിക്കുന്നതാണ് ഏറ്റവും വലിയ സേവനം. ക്രൂശിന്റെ വചനം നശിച്ചുപോകുന്നവരെ രക്ഷിക്കുന്നതിനുള്ളതാണ്.

**Watch!**

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

**Speaker:**

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

# യേശു: സഭയുടെ തല

## റോയ്സ് ഫ്രെഡറിക്

ലോകത്തിൽ എല്ലാ സംഘടനകൾക്കും രാഷ്ട്രങ്ങൾക്കും അതിന്റേതായ തലവന്മാരുണ്ട് എന്നത് പൊതുവായ യാഥാർത്ഥ്യമാണ്. എന്നാൽ ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം ശരിയാക്കുവാൻ ദൈവത്താൽ സ്ഥാപിതമായ സഭക്കും ഒരു തലയുണ്ട്. മനുഷ്യശരീരത്തിൽ തലയുടെ പ്രാധാന്യം അറിയാത്തവർ ചുരുക്കമായിരിക്കും. ശരീരവും തലയും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നതുപോലെ ക്രിസ്തുവിനെ സഭയുമായി ബന്ധിപ്പിച്ചിരിക്കുകയാണ്. തലയാണ് ശരീരത്തെ നിയന്ത്രിക്കുന്നതും നിർദ്ദേശങ്ങൾ കൊടുക്കുന്നതും. സ്ത്രീയുടെ തല പുരുഷനും പുരുഷന്റെ തല ക്രിസ് തുവും, ക്രിസ്തുവിന്റെ തല പിതാവുമാകുന്നു. ഇതാണ് ദൈവം നിശ്ചയിച്ച ക്രമം. ദൈവത്തെ മാനിക്കുന്നവർ ദൈവത്തിന്റെ ക്രമത്തെ മാനിക്കും.

സഭയുടെ തല ക്രിസ്തു ആണെന്നു പറയുമ്പോൾ,സഭക്രിസ്തുവിന്നു കീഴ്പ്പെട്ടിരിക്കണം എന്നതാണ് കാണിക്കുന്നത്. കർത്താവിനെ തലയായി സ്വീകരിക്കുന്നവർ തീർച്ചയായും കർത്താവിന്റെ കൽപനകൾ അനുസരിക്കും. "നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും, ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത്? എന്നു കർത്താവ് തന്നെ ചോദിച്ചിരിക്കുന്നു (ലൂക്കൊസ് 6:46). നാം നമ്മുടെ ജീവിതത്തിൽ യേശുവിനെ കർത്താവായി സ്വീകരിക്കണമെന്ന് നമ്മെ പ്രബോധിപ്പിക്കുന്ന നിരവധി വേദഭാഗങ്ങൾ ഉണ്ട്. ക്രിസ്തുവിൽനിന്നു വേർപെട്ടുപോയാൽ സഭയ്ക്ക് ജീവൻ ഉണ്ടാകയില്ല. കൊമ്പുകളായ ക്രിസ്ത്യാനികൾക്ക് മുന്തിരിവള്ളിയായ കർത്താവിൽ വസിച്ചിട്ടല്ലാതെ ഫലം പുറപ്പെടുവിക്കുവാൻ സാധ്യമല്ല. കർത്താവിന്റെ ശരീരത്തിൽ ആയിരിക്കുന്ന അംഗങ്ങളെല്ലാം കർത്താവിനെയാണ് അനുസരിക്കേണ്ടത്. വാക്കിലും, നടപ്പിലും, വിശ്വാസത്തിലും, അനുസരണത്തിലും അതെ.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!